# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2238** — **18-03-2015-ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ ധനസഹായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഓരോ ജില്ലയിലും നടത്തിയ ധനസഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; | **എ)** കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഓരോ ജില്ലയിലേയും, നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എല്ലാ സഹകരണ മെഡിക്കൽ കോളേജുക ളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ചികിത്സാ ധനസഹായം നൽകിവരുന്നു. കൂടാതെ ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തിരുവനന്തപുരം, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപ ത്രികളിൽ ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭ്യമാണ്.<br><br>തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11/07/2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ഡയാലിസിസ് സെന്ററിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം |

തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അംഗീകരിച്ച്, പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള വിവിധ ജില്ലകളിലെ സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 27 എണ്ണം പ്രവർത്തനക്ഷമമാണ്. ജില്ല തിരിച്ചുള്ള ഡയാലിസിസ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.

**ബി)** പ്രസ്തുത പദ്ധതിക്ക് കീഴിൽ ധനസഹായം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

**ബി)** സർക്കാർ/സഹകരണ ആശുപത്രികളിൽ ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് പരിഗണനയിലുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 913 |
| കൊല്ലം | 780 |
| പത്തനംതിട്ട | 291 |
| ആലപ്പുഴ | 601 |
| കോട്ടയം | 564 |
| ഇടുക്കി | 265 |
| എറണാകുളം | 343 |

| | |
|---|---|
| തൃശ്ശൂർ | 502 |
| പാലക്കാട് | 617 |
| മലപ്പുറം | 704 |
| കോഴിക്കോട് | 300 |
| വയനാട് | 237 |
| കണ്ണൂർ | 1528 |
| കാസർഗോഡ് | 291 |
| ആകെ | 7936 |

സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് പരിഗണനയിലുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്